# പ്രൊഫ. എം വി പൈലി പുരസ്കാരം ഡോ. പി ബി സുനിൽ കുമാറിന്

**കളമശേരി**



രാജ്യത്തെ മികച്ച അധ്യാപകർക്ക് കുസാറ്റ് പ്രൊഫ. എം വി പൈലി പുരസ്കാരം പാലക്കാട് ഐഐടി ഡയറക്ടർ ഡോ. പി ബി സുനിൽ കുമാറിന് ലഭിച്ചു. കേരളത്തിലെ മാനേജ്മെന്റ് വിദഗ്ധനും കൊച്ചി സർവകലാശാലയുടെ വൈസ് ചാൻസലറുമായിരുന്ന പ്രൊഫ. എം വി പൈലിയുടെ പേരിലുള്ള പുരസ്കാരം ഒരുലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുതാണ്. പ്രൊഫ. പൈലിയുടെ വിയോഗത്തിനുശേഷം നൽകുന്ന ആദ്യ അവാർഡാണ് 2019 ലേത്. 2017 വരെ പ്രൊഫ. എം വി പൈലി പുരസ്കാര നിർണയത്തിൽ പങ്കെടുത്തിരുന്നു.

വിദ്യാഭ്യാസമടക്കമുള്ള വിവിധ മേഖലകളിലെ വിദഗ്ധർ നാമനിർദേശം ചെയ്ത 17 പേരിൽനിന്നാണ് ഡോ. സുനിൽ കുമാറിനെ അവാർഡിനായി തെരഞ്ഞെടുത്തത്.

ഡോ. സുനിൽ കുമാർ കലിക്കറ്റ് സർവകലാശാലയിൽനിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും നേടി. 1994ൽ ഗവേഷണ ബിരുദം നേടി. വിവിധ ഐഐടികളിൽ അധ്യാപകനായും വകുപ്പു മേധാവിയായും പ്രവർത്തിച്ചു. യൂണിവേഴ്സിറ്റി ഓഫ് സതേൺ ഡെൻമാർക്കിൽ വിസിറ്റിങ് പ്രൊഫസറായും പ്രവർത്തിച്ചിട്ടുണ്ട്.

ദേശാഭിമാനി 08/07/2020 പേജ് -03

# പ്രഫ. പി.ബി. സുനിൽകുമാറിന് പുരസ്കാരം

**കളമശേരി**



● രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിദഗ്ധനു കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന ഡോ. എം.വി. പൈലി പുരസ്കാരം (ഒരു ലക്ഷം രൂപ) പാലക്കാട് ഐഐടി ഡയറക്ടർ പ്രഫ. പി.ബി.സുനിൽകുമാറിന്.

കോഴിക്കോട് ബിലാത്തിക്കുളം സ്വദേശിയായ സുനിൽകുമാർ മദ്രാസ് ഐഐടി അധ്യാപകൻ, ഫിസിക്സ് വകുപ്പു മേധാവി, ഡീൻ, ഹൈദരാബാദ് ഐഐടി ഫിസിക്സ് വകുപ്പു മേധാവി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

മലയാള മനോരമ 08/07/2020 പേജ്-07

M.M. 8.7.20. P.7

# എം.വി. പൈലി അവാർഡ് പി.ബി. സുനിൽകുമാറിന്



സുനിൽ കുമാർ

**കൊച്ചി:** രാജ്യത്തെ മികച്ച വിദ്യാഭ്യാസ വിദഗ്ധന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന പത്താമത് പ്രഫ. എം.വി. പൈലി പുരസ്കാരം പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഡയറക്ടർ ഡോ. പി.ബി. സുനിൽകുമാറിന്. ലക്ഷം രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം. മികച്ച അധ്യാപകൻ, ഗവേഷകൻ, ഇൻസ്റ്റിറ്റ്യൂഷൻ ബിൽഡർ എന്നിവ പരിഗണിച്ചാണ് സുനിൽകുമാറിനെ തെരഞ്ഞെടുത്തത്.

69 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റോയൽ സൊസൈറ്റി ഓഫ് കെമിസ്ട്രി, ബയോ ഫിസിക്കൽ സൊസൈറ്റി എന്നിവയിൽ അംഗമാണ്.

മാധ്യമം 08/07/2020 പേജ്-09